# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6237 — 20.11.2019 ലെ മറുപടി

## കരുനാഗപ്പള്ളി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

| ചോദ്യം<br>ശ്രീ. ആർ.രാമചന്ദ്രൻ : | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം നിർമ്മിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ജലസേചന വകുപ്പിന് കീഴിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ഇപ്പോൾ നിലവിലില്ല |
| (ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതെല്ലാം കുളങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് വിശദീകരിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ "ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിൽ കുളങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടില്ല. എന്നാൽ 2013-2014 സാമ്പത്തിക വർഷത്തിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ മൂന്ന് കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1. തെക്കും ഭാഗം പഞ്ചായത്തിലെ ഏറംകുളം - 8.50 ലക്ഷം രൂപ<br>2. കുലശേഖര പുരം പഞ്ചായത്തിലെ കയ്യാലത്തുംകുളം -15.00 ലക്ഷം രൂപ<br>3. തഴവ പഞ്ചായത്തിലെ കരയിൽ കുളം - 9.71 ലക്ഷം രൂപ |
| (സി) ക്ഷേത്രക്കുളങ്ങൾക്കൊപ്പം മറ്റ് സ്വകാര്യ കുളങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇത്തരത്തിൽ ഏതെങ്കിലും കുളങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ഇപ്പോൾ നിലവിലില്ല. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഇത്തരത്തിലുള്ള കുളങ്ങൾ ഒന്നും തന്നെ മുൻകാലങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

SRaj

സെക്ഷൻ ഓഫീസർ